കേരള സർക്കാർ

**<u>തദ്ദേശ സ്വയംഭരണ (ഇ. എം.) വകുപ്പ്</u>**

വിജ്ഞാപനം

സ.ഉ.(അച്ചടി) നം.64/2025/LSGD 14-11-2025

തിരുവനന്തപുരം

കേരള സംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ഏഴ് ജില്ലകളിലെ മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കുമുള്ള പൊതുതെരഞ്ഞെടുപ്പ് 2025 ഡിസംബർ 9-ാം തീയതിയും, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള എല്ലാ മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കുമുള്ള പൊതുതെരഞ്ഞെടുപ്പ് 2025 ഡിസംബർ 11-ാം തീയതിയും നടത്തണമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നതിനാൽ;

ഇപ്പോൾ, അതിനാൽ, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 94-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, 2025 ഡിസംബർ 9-ാം തീയതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി,

എറണാകുളം എന്നീ ഏഴ് ജില്ലകളിലെ മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും, 2025 ഡിസംബർ 11-ാം തീയതി തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും പ്രസ്തുത ആക്റ്റിലേയും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകൾ അനുസരിച്ച് കൗൺസിലർമാരെ തെരഞ്ഞെടുക്കുവാൻ കേരള സംസ്ഥാനത്തെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള എല്ലാ മുനിസിപ്പൽ കൗൺസിലുകളോടും മുനിസിപ്പൽ കോർപ്പറേഷനുകളോടും കേരള സർക്കാർ ഇതിനാൽ ആവശ്യപ്പെടുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതുവായ ലക്ഷ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള സംസ്ഥാനത്തെ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ കാലാവധി പൂർത്തിയാകാത്തതിനാൽ പ്രസ്തുത മുനിസിപ്പാലിറ്റി ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ മുനിസിപ്പൽ കൗൺസിലുകളിലേക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേക്കും 2025 ഡിസംബർ 9, 11 എന്നീ തീയതികളിൽ പൊതുതെരഞ്ഞെടുപ്പ് നടത്തുവാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നു. ഈ ആവശ്യത്തിലേക്കായി, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 94-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

G.O.(P) No. /2025/LSGD. Dated, Thiruvananthapuram, November, 2025

**th Thulam, 1201**

**th Karthika, 1947.**

S.R.O.No...../2025.-

WHEREAS, the State Election Commission has recommended the date of general election to the Municipal Councils and Municipal Corporations of seven districts, namely, Thiruvananthapuram, Kollam, Pathanamthitta, Alappuzha, Kottayam, Idukki and Ernakulam on 9th December, 2025 and to the Municipal Councils and Municipal Corporations of seven districts, namely, Thrissur, Palakkad, Malappuram, Kozhikode, Wayanad, Kannur and Kasaragod except Mattannur Municipality in Kannur District to be held on 11th December, 2025, in the State of Kerala;

NOW, THEREFORE, in exercise of the powers conferred by sub-section (2) of section 94 of the Kerala Municipality Act, 1994 (20 of 1994), the Government of Kerala, hereby call upon the Municipal Councils and Municipal Corporations o f seven districts, namely Thiruvananthapuram, Kollam, Pathanamthitta, Alappuzha, Kottayam, Idukki and Ernakulam to elect Councillors on 9th December, 2025 and the Municipal Councils and Municipal Corporations of seven districts, namely, Thrissur, Palakkad, Malappuram, Kozhikode, Wayanad, Kannur and Kasaragod except Mattannur Municipality in Kannur District to elect Councillors on 11th December, 2025 in the State of Kerala, in accordance with the provisions of the said Act and the rules and orders issued thereunder.

By order of the Governor,

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

The State Election Commission has recommended to conduct general election to all Municipal Councils and Municipal Corporations of the State of Kerala on 9th and 11th December, 2025 except Mattannur Municipality in Kannur district where the term of the existing council is yet to be completed. For the purpose, the Government have decided to issue a notification in accordance with the provisions of sub-section (2) of section 94 of the Kerala Municipality Act, 1994 (20 of 1994).

The notification is intended to achieve the above object.